**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ :dhskerala.hlth@kerala.gov.in**

**വെബ് സൈറ്റ്:www.dhs.kerala.gov.in**

**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം -ആ.വ.ഡ.- ഡോ. സുനി ജോസഫ്, അസി.സർജൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം

1.കത്ത് നംമ്പർ.ജി.ഇ 05/ഡി/എസ് 86-68/1299 തീയതി.27.11.2024

2.കാരണം കാണിക്കൽ നോട്ടീസ് നം. ഡി.എച്ച്.എസ്/596/2025- ഇ എ - 5 തീയതി.06.08.2025

3.12.08.2025 തീയതിയിൽ ഡോ. സുനി ജോസഫ് സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി

4.ഇ സി 6-75977/2009/DHS തീയതി.15.11.2010

5.ഇ സി 6-75977/2009/DHS തീയതി.27.04.2011

6.ഇ സി 6-75977/2009/DHS തീയതി.31.10.2012

**ഉത്തരവ് നം. ആ.വ.ഡ/596/2025-ഇഎ5 തീയതി.12-03-2026**

ഡോ. സുനി ജോസഫ് (Dr.Suni Joseph) 07.06.2006 ന് ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിച്ച മെഡിക്കൽ ഓഫീസർ ആണ്. ടിയാൾ 01.07.2011 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ലഭ്യമായിരിക്കുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ

വർക്ക് ആന്റ് കോണ്ടക്റ്റ് (Work and Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. ടിയാളുടെ മറുപടിയിൽ ടിയാൾ സ്റ്റാഫ് നഴ്സ് തസ്തികയിൽ നിന്നും By transfer appointment മുഖേന കാസർഗോഡ് ജില്ലയിലെ പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസി.സർജൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു എന്നും, രോഗിയെ പരിശോധിച്ചില്ല എന്ന കളവായ കുറ്റം ആരോപിച്ച് subsistence allowance നൽകാതെ അനിശ്ചിത കാലത്തേക്ക് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു എന്നും നിരപരാധിത്വം തെളിയിക്കപ്പെട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകാത്തതിലാണ് ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കഴിയാത്തത് എന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ കാസർഗോഡ് ജില്ലയിലെ പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ടിയാൾ ആവശ്യപ്പെട്ടിരിക്കുന്നു.

(2) ഡോ. സുനി ജോസഫ് സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി വിശദമായി പരിശോധിച്ചു. ഡോ. സുനി ജോസഫ് കാസർഗോഡ് ജില്ലയിലെ പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി നോക്കിയിരുന്ന 2009 കാലയളവിൽ ടിയാളുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് രാജ് നിയമങ്ങളുടെ ലംഘനവും ഗ്രാമസഭയോടുള്ള അവഹേളനവുമായി കണക്കാക്കി ടി ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാളെ പ്രസ്തുത ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റണമെന്നും പഞ്ചായത്ത് പ്രമേയം പാസ്സാക്കിയിരുന്നു. ആയത് പ്രകാരം ടിയാളെ കണ്ണൂർ ജില്ലയിലെ കോലഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റിയിരുന്നു. പ്രസ്തുത സ്ഥലം മാറ്റ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ടിയാൾ സമർപ്പിച്ച കേസിലെ വിധി പ്രകാരം ഡോ.സുനി ജോസഫ് സമർപ്പിച്ച പെറ്റീഷൻ സർക്കാർ പരിശോധിക്കുകയും തുടർന്ന് സ്ഥലംമാറ്റ ഉത്തരവ് സർക്കാർ ശരിവയ്ക്കുകയും ടിയാളുടെ പെറ്റീഷൻ

തള്ളിക്കളയുകയുമുണ്ടായി. സ്ഥലംമാറ്റ ഉത്തരവ് പാലിക്കാതെ പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തുടർന്നതിനാൽ ടിയാളെ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ഡോ. സുനി ജോസഫിനെതിരെ വകുപ്പുതല നടപടി ആരംഭിക്കുകയും അച്ചടക്ക നടപടി മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ മൂന്ന് വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കുകയും ചെയ്തു പരാമർശം 6 പ്രകാരം ഉത്തരവായിരുന്നു.

(3) പരാമർശം 5 പ്രകാരം ഡോ.സുനി ജോസഫിനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഡോ.സുനി ജോസഫ് തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ല. ടിയാൽ 01.07.2011 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയാണ്. ദീർഘകാലമായി അനധികൃത ഹാജരില്ലായ്മയിൽ എന്തുകൊണ്ട് തുടരുന്നു എന്നതിന് ഒരു ന്യായവും മറുപടിയിൽ ബോധിപ്പിച്ചിട്ടില്ല. ടി കാരണങ്ങളാൽ ഡോ.സുനി ജോസഫ് സമർപ്പിച്ച മറുപടി തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല.

(4) ആരോഗ്യവകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(5) അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ലഭ്യമായ സർവ്വീസ്/ലീവ് വിശദാംശങ്ങൾ പ്രകാരം ടിയാൾ 2011 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുകയാണ്. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന സാഹചര്യത്തിൽ പ്രൊബേഷണർ ആയ ഡോ. സുനി ജോസഫ്, അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് (Work and Conduct) തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(6) ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. സുനി ജോസഫ്, അസിസ്റ്റന്റ്സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 12-03-2026
13:11:33

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

**Dr. Suni Joseph, Peedathattel House**

**Malakkallu P O,**

**Rajapuram, Kasaragod-671532**

**Communication Address**

**Dr. Suni Joseph, C/o Rev. Fr. George Panackal,**

**Hon'ble Director, Divine Retreat Centre**

**Chalakkudy, Thrissur**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ് സാമൂഹികാരോഗ്യ കേന്ദ്രം

കരിവെള്ളൂർ, കണ്ണൂർ (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ/ കരുതൽ ഫയൽ.